ഏഴുപേർക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ ഏഴു അഡീഷണൽ സീറ്റുകൾ അനുവദിക്കാൻ കോടതി നൽകിയ നിർദ്ദേശം നടപ്പിലാക്കിയോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവേശനം നിഷേധിച്ചിട്ടില്ല. ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഷമീർ അഹമ്മദ്, മുനവർ റഹ്മാൻ എന്നീ വിദ്യാർത്ഥികളെ ഇതിനകം തൃശ്ശൂർ മെഡിക്കൽ കോളേജിലും മുഹമ്മദ് ബഷീർ എന്ന വിദ്യാർത്ഥിയെ കോഴിക്കോട് മെഡിക്കൽ കോളേജിലും 1998ലെ പൊതു പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്. കോഴ്സിന് പ്രസ്തുത കോളേജ് പ്രിൻസിപ്പൽമാർ പ്രവേശിക്കുകയുണ്ടായി. നവീൻ പ്രശാന്ത് എന്നീ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തന്നെയാണ് 7 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകിയിട്ടുള്ളത്. പ്രസ്തുത 7 പേരുടെ പ്രവേശനത്തിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിനായി നടപടി സ്വീകരിച്ചു വരുന്നു.

128 (532) പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പറുകളിൽ കടന്നു കൂടിയ തെറ്റുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിൽ വിവിധ ഇനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട്;

(ബി) ചോദ്യപേപ്പർ തയ്യാർ ചെയ്തവർക്കും സൂക്ഷ്മ പരിശോധന നടത്തിയ വിദഗ്ദ്ധർക്കും എന്തു തുക വീതം നൽകി എന്ന് വ്യക്തമാക്കുമോ;

(സി) ചോദ്യപേപ്പറുകളിൽ കടന്നു കൂടിയ വ്യാപകമായ തെറ്റുകൾ മൂലം സർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കാൻ ചോദ്യപേപ്പർ തയ്യാറാക്കിയവരിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാനുതകുന്ന നടപടി സ്വീകരിക്കുമോ;

(ഡി) അഞ്ചു കൊല്ലമായി പ്രവേശന പരീക്ഷാ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള ഏതൊക്കെ റാങ്കിലുള്ള എത്ര ജീവനക്കാർ ഉണ്ട്; അവരുടെ പേരു വിവരവും അവർ എത്ര കൊല്ലമായി പ്രവേശനപരീക്ഷാ ജോലികളുമായി ബന്ധപ്പെടുന്നു എന്നും അവരിൽ എത്ര പേർക്ക് കംപ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ഡിഗ്രിയുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) പ്രവേശന പരീക്ഷാ ജോലികളിൽ കഴിഞ്ഞ അഞ്ചു കൊല്ലത്തിലധികമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കംപ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാനഡിഗ്രിയില്ലാത്തവരെ അവരുടെ പേരന്റ് ഡിപ്പാർട്ട്മെന്റിലേക്ക് തിരിച്ചയക്കാനും കംപ്യൂട്ടർ ശാസ്ത്രത്തിൽ ബിരുദമെങ്കിലുമുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി)	1.	ചോദ്യ പേപ്പർ സെറ്റിംഗിന്	:	31,700/ രൂപ
	2.	മോഡറേഷന്	:	54,506/
	3.	അച്ചടി കൂലി സെന്റർ വൈസ് പാക്കിംഗ് സംസ്ഥാനത്തേയ്ക്കുള്ള കടത്തുകൂലി എന്നിവയ്ക്ക്	:	30,88,240
		ആകെ	:	31,74,440/-

(സി) ചോദ്യപേപ്പറുകളിൽ തെറ്റുകൾ കടന്നു കൂടിയതുമൂലം സർക്കാരിന് വീണ്ടും ചെലവൊന്നും ഉണ്ടായിട്ടില്ല.

(ഡി) എട്ട് ജീവനക്കാർ അഞ്ചുക്കൊല്ലത്തിലധികമായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ജോലി നോക്കി വരുന്നു.

പേര്	തസ്തിക
ശ്രീ.വി.രാധാകൃഷ്ണൻ നായർ	പെഴ്സണൽ അസിസ്റ്റന്റ്
ശ്രീ. ജി. ലവൻ	പ്രോഗ്രാമിംഗ് ഓഫീസർ
ശ്രീ. ജി. ശിവരാമൻ നായർ	അസിസ്റ്റന്റ്
ശ്രീമതി വി. പത്മാവതി അമ്മ	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
ശ്രീ. കെ. ലക്ഷ്മണൻ	ടൈപ്പിസ്റ്റ്
ശ്രീ. മധുസൂദനൻ നായർ	അറ്റൻഡർ
ശ്രീ. ശശിധരൻ നാടാർ	പ്യൂൺ
ശ്രീ. എസ്. പ്രഭാകരൻ നായർ	പ്യൂൺ

ഇവരിൽ ആർക്കുംതന്നെ കംപ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ഡിഗ്രി ഇല്ല.

(ഇ) പ്രവേശന പരീക്ഷാ ജോലികൾ നിർവഹിക്കുന്നതിന് കംപ്യൂട്ടർ ബിരുദത്തിന്റെ ആവശ്യമില്ല.

129 (544) ടോൾ പിരിവ്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങണാ-മണർകാട് റോഡിലുള്ള പുതുപ്പള്ളി പാലം പുതുക്കി പണിതതിന് എത്ര രൂപ ചെലവായിട്ടുണ്ട്;

(ബി) ഈ പാലത്തിന് ടോൾ എന്നുമുതലാണ് ഏർപ്പെടുത്തിയത്;

(സി) ഇതുവരെ ടോൾ ഇനത്തിൽ എത്ര രൂപ ഗവൺമെന്റിലേക്ക് പിരിഞ്ഞുകിട്ടിട്ടുണ്ട്;

(ഡി) പുതുക്കി പണിയുന്ന പാലങ്ങൾക്ക് ടോൾ ഒഴിവാക്കണമെന്നും പുതിയതായി പണിയുന്ന പാലങ്ങൾക്ക് മാത്രമേ ടോൾ ഏർപ്പെടുത്താവൂ എന്നുമുള്ള നിവേദനം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly